137 (1681) ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട്

ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. പാലോട് രവി :
ശ്രീമതി ശോഭനാ ജോർജ്ജ് :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ടിൽ പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ ജനറേറ്ററുകൾ മാറ്റിവയ്ക്കേണ്ട ആവശ്യമില്ലെന്നും അവ റിപ്പയർ ചെയ്താൽ മതിയെന്നും പറഞ്ഞിരുന്നുവോ;

(ബി) എങ്കിൽ ഈ ശുപാർശ സ്വീകരിച്ചുവോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ഈ വർക്കിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണ്; ഈ വർക്കിന് വേണ്ടി ഗ്ലോബൽ ടെണ്ടർ വിളിച്ചുവോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) ഈ വർക്കിന്റെ എസ്റ്റിമേറ്റ് എത്രയാണ്;

(ഇ) ഈ തുക അമേരിക്കൻ ഡോളറിലാണോ നൽകേണ്ടത്; എങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഒരു അമേരിക്കൻ ഡോളറിന്റെ വില എത്ര രൂപയായിരുന്നു; ഇപ്പോൾ എത്ര രൂപയാണ് എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ യഥാർത്ഥത്തിൽ ചെലവായ തുകയും തമ്മിൽ വലിയ വർദ്ധനവ് കാണുന്നതിന്റെ കാരണങ്ങൾ വിശദമായി അപഗ്രഥനം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതികൾ പൂർത്തിയാക്കാൻ വരുന്ന കാലതാമസമാണോ ഇതിനൊരു പ്രധാന കാരണമെന്ന് വ്യക്തമാക്കുമോ; എങ്കിൽ കാലതാമസം ഒഴിവാക്കാൻ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

(സി) ആരംഭത്തിലെ എസ്റ്റിമേറ്റ് തുകയും യഥാർത്ഥത്തിൽ ചെലവാകുന്ന തുകയും തമ്മിലുള്ള അന്തരത്തിന് മറ്റെന്തെല്ലാം കാരണമുണ്ട്; ഇവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതികൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഇതിനൊരു പ്രധാന കാരണമാണ്. കാലതാമസം ഒഴിവാക്കുവാൻ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) വൈദ്യുതി പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ അതിൽ ഉൾക്കൊള്ളിക്കുന്ന എസ്റ്റിമേറ്റ് അപ്പോൾ നിലവിലുള്ള പി.ഡബ്ല്യു.ഡി ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് തയ്യാറാക്കുന്നവയാണ്. പിൽക്കാലത്ത് വിവിധ ജോലികൾക്ക് കരാറുകൾ നൽകുമ്പോൾ അപ്പോൾ നിലവിലുള്ള കമ്പോള നിലവാരം അനുസരിച്ച് കോൺട്രാക്ടർമാർ അവരുടെ പ്രോഫിറ്റുകൂടി കണക്കാക്കി റേറ്റ് നൽകുകയാണ് ചെയ്യുന്നത്. .ഇത് ആരംഭത്തിലെ എസ്റ്റിമേറ്റ് തുകയും യഥാർത്ഥത്തിൽ ചെലവാകുന്ന തുകയും തമ്മിലുള്ള അന്തരത്തിന് ഒരു കാരണമാണ്. പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ സമയത്ത് മുൻകൂട്ടികാണാൻ സാധിക്കാതെവരുന്ന സാങ്കേതിക കാരണങ്ങൾ മൂലം യഥാർത്ഥ പ്രവൃത്തിയിലുണ്ടാകുന്ന വ്യതിയാനം മൂലവും ചെലവിൽ അന്തരമുണ്ടാകുന്നു. പദ്ധതികളുടെ പണി ആരംഭിക്കുന്നതിനുള്ള കാലതാമസവും അവയുടെ പണി നടക്കുമ്പോൾ ഉണ്ടാകുന്ന തടസ്സങ്ങളും കാലതാമസങ്ങളും മറ്റു കാരണങ്ങളാണ്. ഇവ പരിഹരിക്കുവാൻ വേണ്ട നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്.

**139 (1683) പവർ പർച്ചേഴ്സ് എഗ്രിമെന്റ്**

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. ജോർജ്ജ്. ജെ. മാത്യു :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.ഇ.എസ്. കമ്പനിയുമായി പവർ പർച്ചേഴ്സ് എഗ്രിമെന്റ് കെ.എസ്.ഇ.ബി. ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതനുസരിച്ച് ഒരു യൂണിറ്റ് കറന്റിന് കെ.എസ്.ഇ.ബി നൽകേണ്ട വില എത്ര;

LIBRARY ARCHIVES Kerala Legislative Assembly